(ബി) എങ്കിൽ നാളിതുവരെ എന്തെങ്കിലും നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമഗ്രമായ ഒരു പഠനംനടത്തി അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'അമൃതം' ആരോഗ്യ പദ്ധതിയിലൂടെ ജീവിതശൈലി രോഗങ്ങൾക്കായുള്ള നിർണ്ണയ പരിശോധനകളും, ചികിത്സയും മരുന്നു വിതരണവും നടന്നുവരുന്നു. ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ എല്ലാ വർഷവും ഗ്രാമപ്രദേശങ്ങൾ കേന്ദ്രീകരിച്ച് നടന്നുവരുന്നു. കൊല്ലം നീണ്ടകരയിലും, പുനലൂർ താലൂക്ക് ആശുപത്രിയിലും ക്യാൻസർ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ശയ്യാവലംബരായ രോഗികളെ പരിചരിക്കുവാൻ പാലീയേറ്റീവ് കെയർ പദ്ധതിയും നടപ്പിലാക്കിവരുന്നു.

കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റ്

27 (719) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഡ്നി രോഗികൾക്കുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എത്ര ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു ; എത്ര രോഗികൾക്ക് പ്രസ്തുത യൂണിറ്റ് മുഖേന ചികിത്സ ലഭ്യമാക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ആശുപത്രികളിൽ എത്തി ഡയാലിസിസ് ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രോഗികൾക്കായി മൊബൈൽ യൂണിറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly